പത്രക്കുറിപ്പ്
02-11-2017

# സാഗർമാല- ഡിഡിയുജികെവൈ പരിശീലന പദ്ധതി; ദേശീയതല യോഗം സംഘടിപ്പിച്ചു

തിരുവനന്തപുരം: തീരദേശ മേഖലയിലെ യുവതീയുവാക്കൾക്ക് തുറമുഖമേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള 'സാഗർമാല' പദ്ധതി പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ദീൻ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) പദ്ധതിയുടെയും കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിന്റെയും നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ദേശീയതല യോഗം എറണാകുളത്ത് സംഘടിപ്പിച്ചു. കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പദ്ധതിയായ ഡിഡിയുജികെവൈ വഴിയാണ് സാഗർമാല പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ സ്വാഗതം ആശംസിച്ചു, കേന്ദ്ര ഗ്രാമവികസന മന്ത്രാലയം റൂറൽ സ്കിൽസ് ജോയ്ന്റ് സെക്രട്ടറി അൽക്ക ഉപാധ്യായ മുഖ്യ പ്രഭാഷണം നടത്തി. സാഗർമാല പദ്ധതി ഉപദേഷ്ടാവ് ഷാർദ പ്രസാദ് സാഗർമാല പദ്ധതിയും നൈപുണ്യ വികസന സാധ്യതയും എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഡയറക്ടർ അനിൽ സുബ്രഹ്മണ്യൻ സാഗർമാല- ഡിഡിയുജികെവൈ സംയോജന പദ്ധതി അവതരണം നടത്തി. ഡിഡിയുജികെവൈ കേരള വിഭാഗം ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. പ്രവീൺ സിഎസ് നന്ദി പറഞ്ഞു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഡിഡിയുജികെവൈ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ എം. ബാല സുബ്രഹ്മണ്യം, കേരളം, തമിഴ്നാട്, കർണ്ണാടക, ഒഡീഷ, പശ്ചിമ ബംഗാൾ, ആന്ധ്ര, ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശമായ ആൻഡമാനിലെയും പ്രതിനിധികൾ, കേന്ദ്ര ഷിപ്പിങ് മന്ത്രാലയ പ്രതിനിധികൾ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ഫിഷറീസ് ആൻഡ് ടെക്നോളജി, കൊച്ചിൻ ഷിപ്പ്യാർഡ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവസ്റ്റ് ടെക്നോളജി ആൻഡ് ട്രെയ്നിങ് (എൻഐഎഫ്പിഎച്ച്എടിടി), ടെലനോവ, എസ്കോർട്ട്സ്, നാബ്കോൺസ് സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ തുറമുഖ വികസനം വരുമ്പോഴുണ്ടാകുന്ന തൊഴിലുകൾക്കായി നൈപുണ്യ വികസനം നടത്താൻ കേന്ദ്ര ഷിപ്പിങ് മന്ത്രാലയം രൂപം കൊടുത്ത പദ്ധതിയാണ് സാഗർമാല. തുറമുഖ വികസനം നടത്തുമ്പോൾ നിരവധി തൊഴിലവസരങ്ങളുണ്ടാകും. തീരദേശത്തെ യുവതീയുവാക്കളെ പ്രതിമാസ ശമ്പളം ലഭിക്കുന്ന ഈ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുന്നതിനായാണ് സാഗർമാല നൈപുണ്യ പരിശീലന പരിപാടി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കേരളമുൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പാക്കുന്ന ഡിഡിയുജികെവൈ പദ്ധതിയുടെ ഭാഗമായി സാഗർമാല പരിശീലനം നടത്താനുള്ള ധാരണാപത്രം ഈ വർഷം മേയിലാണ് ഒപ്പിട്ടത്. തീരദേശ വാസികളായ യുവതീയുവാക്കൾക്ക് ഈ മേഖലയുമായി ബന്ധപ്പെട്ടുള്ള തൊഴിൽ ഇടങ്ങളിൽ ജോലി ഉറപ്പാക്കി നൽകുക ലക്ഷ്യം.

കേരളത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പരീക്ഷണ പദ്ധതിയായിട്ടായിരിക്കും സാഗർമാല നടപ്പിലാക്കുക. 8000ത്തോളം ഉദ്യോഗാർത്ഥികൾക്ക് ക്രെയിൻ ഓപ്പറേറ്റേഴ്സ്, ഇലക്ട്രിക് ആർക്ക് വെൽഡിങ്, ലൈഫ്ഗാർഡ്സ്, ഫിഷ് ആൻഡ് സീ ഫുഡ് പ്രോസസിങ്, ഡീപ് സീ ഫിഷിങ് തുടങ്ങിയ മേഖലകളിലായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾക്ക് വേണ്ട പരിശീലനം നൽകാനുള്ള ആക്ഷൻ പ്ലാനാണ് കേരളം സമർപ്പിച്ചത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ